**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4040** | **24.08.2017-ൽ മറുപടിക്ക്**

## ഇതര സംസ്ഥാന തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) കേരളത്തിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ കണക്കുകൾ ഇതുവരെ ശേഖരിച്ചിട്ടില്ലെങ്കിൽ ഇനി ശേഖരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ; | (എ) ഇതര സംസ്ഥാന തൊഴിലാളികൾക്കായി "ആവാസ്" എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതിന് 27.10.2016-ലെ സർക്കാർ (സാധാ)1325/ 2016/ തൊഴിൽ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. "ആവാസ്" പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്താനും അതോടൊപ്പം വ്യക്തിഗത വിവരശേഖരണം നടത്തി ഒരു ഡേറ്റാബാങ്ക് തയ്യാറാക്കാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) ഇതര സംസ്ഥാന തൊഴിലാളികൾ വന്നിറങ്ങുമ്പോൾ അവർക്കുവേണ്ടി റെയിൽവേ സ്റ്റേഷനുകളിലും പ്രധാനപ്പെട്ട ബസ്സ്റ്റാൻഡുകളിലും കൗണ്ടറുകൾ സ്ഥാപിക്കുന്നകാര്യം ആലോചിക്കുന്നുണ്ടോ; | (ബി) ഇതര സംസ്ഥാന തൊഴിലാളികൾ അധികമായി വന്നുപോകുന്ന റെയിൽവേ സ്റ്റേഷൻ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ സ്ഥല ലഭ്യതയ്ക്കനുസരിച്ച് കൗണ്ടറുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ സർക്കാർ റെയിൽവേ മന്ത്രാലയവുമായി ചർച്ച നടത്തുന്നതാണ്. |
| (സി) റേഷൻകാർഡുകൾ ഉള്ളതും ഇല്ലാത്തതുമായ ഇതര സംസ്ഥാന തൊഴിലാളികൾ കേരളത്തിൽ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ ; ഇവർക്കു റേഷൻകാർഡുകൾ അനുവദിക്കുമ്പോൾ അവരവരുടെ സംസ്ഥാനങ്ങളിൽ കൂടി റേഷൻ കാർഡുകൾ ഉണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (സി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് നാളിതുവരെയായി റേഷൻ കാർഡ് വിതരണം നടത്തിയിട്ടില്ല. |

| | |
|---|---|
| (ഡി) ഏത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സർക്കാർ ആശുപത്രികളിൽ നിന്നും മറ്റു സ്ഥാപനങ്ങളിൽ നിന്നും ഇവർക്കു ആനുകൂല്യങ്ങൾ ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണവും വിവര ശേഖരണവും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷുറൻസ് (ആവാസ്) പദ്ധതി ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളെയാണ് ലക്ഷ്യം വയ്ക്കുന്നത്. പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് ഐഡന്റിറ്റി കാർഡ് ലഭിക്കുന്നവർക്ക് സർക്കാർ ആശുപത്രികളിൽ നിന്നും എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിൽ നിന്നും ആനുകൂല്യങ്ങൾ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ.